# ഗാന്ധിജി ജമാഅത്ത് സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ

1947 ഏപ്രിൽ 25, 26 തിയ്യതികളിൽ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ നേതൃത്വത്തിൽ പാറ്റ്നയിൽ ചേർന്ന യു.പി, ബീഹാർ, ഒറീസ്സ, ബംഗാൾ, ആസാം എന്നീ ഹൽഖകൾ ഉൾകൊള്ളുന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പൂർവ മേഖലയുടെ സമ്മേളനത്തിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയും പങ്കെടുക്കുകയുണ്ടായി. ജമാഅത്ത് സമ്മേളനത്തിന്റെസന്ദേശത്തിലും രീതിയിലും ഗാന്ധിജി മതിപ്പു രേഖപ്പെടുത്തുകയും തുടർന്നും ജമാഅത്ത് സമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തുവെന്നത് ശ്രദ്ധേയമാകുന്നു. എന്നാൽ പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജിയുടെ സാന്നിധ്യം മുസ്‌ലിംലീഗ്-കോൺഗ്രസ് വൃത്തങ്ങളിൽ ജമാഅത്തിനെയും അതിന്റെ സമ്മേളനത്തെയും ഒരു വിവാദവിഷയാക്കുകയാണുണ്ടായത്.

പക്ഷേ, പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജിയുടെ സാന്നിധ്യം തെറ്റായാണ് കോൺഗ്രസ് പത്രങ്ങൾ റിപ്പോർട്ട് ചെയ്ത്. വാസ്തവമെന്തെന്നറിയാതെ ഈ റിപ്പോർട്ടുകളെ ആസ്പദിച്ച് മുസ്‌ലിംലീഗ് പത്രങ്ങൾ തങ്ങളുടേതായ വീക്ഷണങ്ങൾ മെനഞ്ഞെടുത്ത് രാജ്യത്തുടനീളം പ്രചരിപ്പിച്ചു. മുസ്‌ലിം വൃത്തങ്ങളിലും അമുസ്‌ലിം വൃത്തങ്ങളിലും ജമാഅത്തിന്റെ നിലപാടിനെ സംബന്ധിച്ച് വമ്പിച്ച തെറ്റിദ്ധാരണകൾ സൃഷ്ടിക്കപ്പെട്ടു എന്നതായിരുന്നു ഫലം.

പാറ്റ്നാ സമ്മേളനത്തിലേക്ക് ജമാഅത്ത് നേതാക്കൾ ഗാന്ധിജിയെ നിർബന്ധിച്ച് കൂട്ടിക്കൊണ്ട് വന്നതാണ് എന്നത്രെ കോൺഗ്രസ് പത്രങ്ങൾ പ്രചരിപ്പിച്ച ഒരു ധാരണ. അതിനെ അടിസ്ഥാനമാക്കി, ജമാഅത്തെ ഇസ്‌ലാമിക്കാർ കോൺഗ്രസിന്റെ പിണിയാളുകളാണെന്ന് മുസ്‌ലിംലീഗ് പത്രങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

ജമാഅത്ത് സമ്മേളനത്തിലേക്ക് അതിന്റെ അംഗങ്ങൾക്കും അനുയായികൾക്കും പുറമെ പ്രമുഖരും സാധാരണക്കാരുമായ മുസ്‌ലിംകളെയും അമുസ്‌ലിംകളെയും ക്ഷണിക്കുക പതിവാണ്. ജമാഅത്തിന്റെ അഥവാ ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുക്കുക എന്നതു മാത്രമാണ് ഇങ്ങനെ ക്ഷണിക്കുന്നതിന്റെ ലക്ഷ്യം.

ഇപ്രകാരം പാറ്റ്നാ സമ്മേളനത്തിന്റെ അവസാന ഭാഗമായിരുന്ന പൊതു സമ്മേളനത്തിലേക്കും അനേകം ആളുകൾ ക്ഷണിക്കപ്പെട്ടിരുന്നു. മുസ്‌ലിം-അമുസ്‌ലിം പത്രങ്ങളിലൂടെയാണ് ബഹുജനങ്ങളെ ക്ഷണിച്ചത്. മുസ്‌ലിംലീഗ്, ഖാക്സാർ, ജംഇയ്യത്തുൽ ഉലമാ, കോൺഗ്രസ് എന്നീ സംഘടനകളുടെ ഉത്തരവാദിത്തപ്പെട്ടവർക്ക് പ്രത്യേക ക്ഷണക്കത്തുകളും അയച്ചിരുന്നു. ബീഹാർ കലാപങ്ങളോടനുബന്ധിച്ച് അക്കാലത്ത് പാറ്റ്നയിലുണ്ടായിരുന്ന ഗാന്ധിജിക്കും അക്കൂട്ടത്തിൽ ഒരു ക്ഷണപത്രമയച്ചു. ഇതല്ലാതെ കോൺഗ്രസ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തപോലെ ജമാഅത്ത് പക്ഷത്തുനിന്ന് ആരെങ്കിലും അദ്ദേഹത്തെ നേരിൽ ക്ഷണിക്കുകയോ സമ്മേളനത്തിൽ സംബന്ധിപ്പിക്കാൻ ശ്രമിക്കുകയോ ഉണ്ടായിട്ടില്ല. അധികം താമസിയാതെ ഞാൻ ജമാഅത്ത് സമ്മേളനത്തിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഗാന്ധിജി സംഘാടകരെ അറിയിച്ചു. ഈ അറിയിപ്പ് അദ്ദേഹത്തിന്റെ മുസ്‌ലിം ശിഷ്യന്മാർക്കു പോലും അരോചകമായിരുനനുവെന്നത് ഒരു വസ്തുതയാണ്. സംഘാടകർ അദ്ദേഹത്തിന്റെ സന്മനസ്സിന് നന്ദി രേഖപ്പെടുത്തി. കൂട്ടത്തിൽ സമ്മേളനത്തിന് ആഗതനാകുമ്പോൾ പാലിക്കേണ്ട ഏതാനും വ്യവസ്ഥകളും അവരദ്ദേഹത്തെ അറിയിച്ചു.

1. സമ്മേളനത്തിൽ താങ്കൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിഗണന ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്. അത് ഞങ്ങളുടെ സമ്പ്രദായത്തിൽ പെട്ടതല്ല.

2. താങ്കൾക്ക് സമ്മേളനത്തെ അഭിസംബോധനം ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഞങ്ങളുടെ സന്ദേശത്തെക്കുറിച്ച് ആവശ്യമാണെങ്കിൽ വിശദീകരണവും വ്യാഖ്യാനവും തേടാവുന്നതാണ്.

3. പതിവുപോലെ താങ്കളുടെ കൂടെ സ്ത്രീകളും സമ്മേളനത്തിലേക്ക് വരുന്നുണ്ടെങ്കിൽ ഞങ്ങളുടെ ചിട്ടപ്രകാരം അവർ പുരുഷന്മാരുമായി കലർന്നിരിക്കാതെ സ്ത്രീകൾക്ക് വേണ്ടി പ്രത്യേകം സജ്ജീകരിച്ച സ്ഥാനത്ത് ഇരിക്കേണ്ടതാണ്.

4. സമ്മേളന പരിപാടികൾ അവയുടെ നിശ്ചിത സമയത്തു തന്നെ ആരംഭിക്കുന്നതാകുന്നു.

ഈ വ്യവസ്ഥകളെല്ലാം ഗാന്ധിജി സങ്കോജമന്യേ സ്വീകരിക്കുകയാണുണ്ടായത്.

പൊതു സമ്മേളനം നിശ്ചിത പരിപാടിയനുസരിച്ച് കൃത്യം 7 മണിക്ക് മൗലാനാ അമീൻ അഹ്സൻ സാഹിബിന്റെ പ്രസംഗത്തോടെ ആരംഭിച്ചു. മുവായിരത്തോളം ശ്രോതാക്കളുണ്ടായിരുന്നു. അയ്യായിരവും അതിലധികവുമൊക്കെ ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബീഹാർ റിലീഫ് കമ്മിറ്റിയുടെ നേതാവായ മുഹമ്മദ് അബ്ദുൽ ജബ്ബാർ ഗാസി സാഹിബ് സമ്മേളന ഹാളിന്റെ കവാടത്തിൽ സന്നിഹിതനായിരുന്നു. അതിഥികളെ യഥാവിധം സ്വീകരിച്ചിരുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ചുമതല. ഉദ്ദേശം ഏഴേകാൽ മണിക്ക് ഗാന്ധിജി പരിവാര സമേതം എത്തി. അന്നത്തെ പ്രാർഥനായോഗത്തിലെ പ്രഭാഷണം നിർത്തിവെച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വരവ്. ഗാന്ധിജിയുടെ കൂടെ രണ്ട് സ്ത്രീകളുണ്ടായിരുന്നു. ഗാസി സാഹിബ് സ്ത്രീകളെ വനിതാ ഹാളിലേക്കയച്ച ശേഷം ഗാന്ധിജിയെ സ്റ്റേജിന്നടുത്ത് കൊണ്ടുവന്നിരുത്തി. സ്റ്റേജിൽ പ്രസംഗം തുടർന്നുകൊണ്ടേയിരുന്നു. ഗാന്ധിജി എപ്പോൾ വന്നുവെന്നും എവിടെയിരുന്നുവെന്നും വളരെ കുറച്ചാളുകൾ മാത്രമേ അറിഞ്ഞുള്ളൂ.

അമീൻ അഹ്സൻ സാഹിബിന്റെ പ്രസംഗം ഏകദേശം മുക്കാൽ മണിക്കൂർ നീണ്ടുനിന്നു. അനന്തരം ഗാസി സാഹിബ് സ്റ്റേജിൽ കയറി, തങ്ങളുടെ എളിയ ക്ഷണം സ്വീകരിച്ച് സമ്മേളനത്തിന് എത്തിച്ചേർന്ന എല്ലാ ശ്രോതാക്കൾക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. മൗ: അമീൻ അഹ്സൻ സാഹിബ് സ്റ്റേജിൽ നിന്നിറങ്ങിവന്നു. ഗാന്ധിജിയുടെ അടുത്ത് ഇരുന്നു. ഗാസി സാഹിബ് അദ്ദേഹത്തെ ഗാന്ധിജിക്ക് പരിചയപ്പെടുത്തി. ഗാന്ധിജി മൗലാനയോട് പറഞ്ഞു:

“ഞാൻ താങ്കളുടെ പ്രഭാഷണം വളരെ ശ്രദ്ധയോടെ ശ്രവിച്ചുകൊണ്ടിരുന്നു. അതു കേൾക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.”

ഈ സന്ദർഭത്തിൽ ഗാസി സാഹിബ് അദ്ദേഹത്തെ ഇപ്രകാരം അറിയിച്ചു:

ഗാന്ധിജി! ഒരു പ്രഭാഷണത്തിലൂടെ മാത്രം കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കുക വളരെ പ്രയാസമാണ്. അത്കൊണ്ട് താങ്കൾ അൽപം സമയം അനുവദിക്കുകയാണെങ്കിൽ ഞങ്ങളുടെ സന്ദേശം അതിന്റെ പൂർണ രൂപത്തിൽ താങ്കളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും മനസ്സിലാക്കിത്തരുന്നതിനും ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. താങ്കൾ ഞങ്ങളുടെ സാഹിത്യങ്ങൾ പരിശോധിച്ചു നോക്കുന്നതും വളരെ നന്നായിരിക്കും.

ഗാന്ധിജി പ്രതിവചിച്ചു: “ഇപ്പോൾ ഞാൻ ഡൽഹിക്കു പുറപ്പെട്ടിരിക്കുകയാണ്. ഞാൻ ചെല്ലേണ്ട അതിപ്രധാനമായ ചില കാര്യങ്ങളുണ്ടവിടെ. തിരിച്ചുവന്ന ശേഷം കുറച്ചു സമയം നിങ്ങൾക്കു വേണ്ടി നീക്കി വെക്കാൻ ശ്രമിക്കാം.”

അനന്തരം ഗാന്ധിജിയും കൂടെയുണ്ടായിരുന്ന വനിതകളും അവരുടെ വാഹനത്തിൽ കയറി സ്ഥലം വിട്ടു.

ഗാന്ധിജിക്ക് അയച്ചതുപോലുള്ള ക്ഷണപത്രങ്ങൾ മുസ്‌ലിംലീഗ്, ഖാക്സാർ, ജംഇയ്യത്തുൽ ഉലമ തുടങ്ങിയ സംഘടനകളുടെ നേതാക്കൾക്കും അയച്ചിരുന്നുവെന്നത് ഇവിടെ പ്രത്യേകം അനുസ്മരണീയമാണ്. പക്ഷേ, അവരാരും സമ്മേളനത്തിൽ പങ്കെടുക്കാൻ തയാറായില്ല. ഗാന്ധിജി

മാത്രം ക്ഷണം സ്വീകരിക്കുകയും സമ്മേളനതത്തിൽ സന്നിഹിതനാവുകയും ചെയ്തു. ഇതാണ് യഥാർഥ സംഭവം.

പക്ഷേ, ഖേദകരമെന്നു പറയട്ടെ, പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജിയുടെ സാന്നിധ്യം മുസ്‌ലിംലീഗിന്റെ തൽപരവൃത്തങ്ങളിൽ വമ്പിച്ച അസ്വസ്ഥതയും അസംതൃപ്തിയുമാണുളവാക്കിയത്. ജമാഅത്ത് കോൺഗ്രസിന്റെ ഒരമ്മായിയാണെന്ന തങ്ങളുടെ സംശയം ഇതോടെ ഒരു തെളിഞ്ഞ സത്യമായിക്കഴിഞ്ഞുവെന്ന് അവർ നിർവിശങ്കം വിളംബരംചെയ്തു തുടങ്ങി. ചില സ്ഥലങ്ങളിൽ ജമാഅത്ത് പ്രവർത്തകർക്കു നേരെ പരസ്യമായ കല്ലേറുപോലും നടന്നു. കൂട്ടത്തിൽ ഒരു മുസ്‌ലിം മുജാഹിദിന്റെ പ്രകടനം ഏറെ വേദനാജനകമായിരുന്നു. അന്നത്തെ സാമുദായിക പ്രസ്ഥാനം മുസ്‌ലിംകളുടെ സ്വഭാവം എന്തുമാത്രം ദുഷിപ്പിച്ചിരുന്നുവെന്നതിന്റെ ഒരു നിദർശനമാണിത്. പ്രസ്തുത മാന്യനിൽ നിന്ന് സമ്മേളനത്തിനുവേണ്ടി കുറെ സാധന സാമഗ്രികൾ വായ്പ വാങ്ങിയിട്ടുണ്ടായിരുന്നു. ഈ സാധനങ്ങൾ സ്വീകരിക്കുമ്പോൾ തന്നെ തങ്ങളിൽ നിന്ന് വാടക സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് ആവർത്തിച്ചാവശ്യപ്പെട്ടതാണ്. തനിക്ക് വാടക വേണ്ടെന്ന് അദ്ദേഹം ശഠിച്ചു പറയുകയാണുണ്ടായത്. സമ്മേളനാനന്തരം സാധനങ്ങൾ അദ്ദേഹത്തിന് തിരിച്ചുകൊടുക്കുകയും ചെയ്തു. അപ്പോഴതാ ക്രൂരമായ ഒരാരോപണത്തോട് കൂടി അദ്ദേഹം വാടക ചോദിക്കുന്നു!! താൻ സാധനങ്ങൾക്ക് നേരത്തെതന്നെ വാടക പറഞ്ഞിരുന്നുവെന്നും ഇപ്പോൾ ജമാഅത്തുകാർ അതു തരാതെ കടന്നുകളയാൻ ശ്രമിക്കുകയാണെന്നുമായിരുന്നു ആരോപണം. സംഘാടകർ ഉടനെത്തന്നെ ആ മാന്യഹസ്തങ്ങളിൽ വാടക വെച്ചുകൊടുത്തു. സാമുദായികത്വം ഒരാളുടെ ദീനായി മാറുമ്പോൾ സദ്സ്വഭാവങ്ങളും സദ്വികാരങ്ങളും ദുഃസ്വഭാവങ്ങൾക്കും ദുർവിചാരങ്ങൾക്കും വഴിമാറിക്കൊടുക്കുന്നതിന്റെ ഒരു സുവ്യക്ത സാക്ഷ്യമായി ഓർക്കപ്പെടേണ്ടതാണ് ഈ സംഭവം.

ഹൈന്ദവ സഹോദരങ്ങളിൽ പ്രകടമായ അതൃപ്തിയും അസഹിഷ്ണുതയും മറ്റൊരു തരത്തിലുള്ളതായിരുന്നു. അവരത് പ്രകടിപ്പിച്ചത് ഇങ്ങനെയായിരുന്നു: 'നമ്മുടെ മഹാനായ ഒരു നേതാവ് മുസ്‌ലിം സംഘടനയുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ സന്നദ്ധനായി. എന്നിട്ട് അദ്ദേഹത്തെ അവർ പ്രത്യേകം പരിഗണിക്കുകയോ സ്വീകരിക്കുകയോ ചെയ്തില്ല. സദസ്സിനെ അഭിസംബോധനം ചെയ്യാൻ അവസരം നൽകിയില്ല. സ്റ്റേജിൽ ഇരിപ്പിടം നൽകുക പോലും ചെയ്തില്ല. ഇത് തീർച്ചയായും നമ്മുടെ വികാരത്തെ വ്രണപ്പെടുത്തുകയായിരുന്നു.'

ഏപ്രിൽ 27-ാം തിയതി കോൺഗ്രസ് പത്രമായ 'സർച്ച്‌ലൈറ്റി'ന്റെ സൺഡേ എഡിഷനിൽ വന്ന റിപ്പോർട്ട് ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഇതിനേക്കാൾ ആപൽക്കരമായിരുന്നു. ജമാഅത്തെ ഇസ്‌ലാമി, ലീഗ് വിരുദ്ധവും കോൺഗ്രസ് അനുകൂലവുമായുള്ള നിലപാടുള്ള ദേശീയ മുസ്‌ലിംകളുടെ ഒരു സംഘടനയാണെന്നായിരുന്നു 'സർച്ച്‌ലൈറ്റ്' ലേഖകന്റെ കണ്ടുപിടുത്തം. മുസ്‌ലിംലീഗിനെതിരിൽ ബഹുജനങ്ങളെ ബോധവാന്മാരാക്കുകയായിരുന്നു പാറ്റ്ന സമ്മേളനത്തിന്റെ ലക്ഷ്യമെന്നും ആ ലേഖനം അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. "മുസ്‌ലിംലീഗിന്റെ വിഭജനവാദം ഇസ്‌ലാമിന്നെതിര്- മുസ്‌ലിം സമ്മേളനത്തിൽ മൗലാനാ 'ഇസ്‌ലാഹി'യുടെ പ്രസംഗം" എന്ന ലേഖനത്തിന്റെ ശീർഷകംതന്നെ സത്യവിരുദ്ധമായിരുന്നു. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ പ്രസംഗത്തിൽ അത്തരമൊരു പരാമർശമേ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. ലേഖനത്തിലുടനീളം മീൻ അഹ്സൻ ഇസ്‌ലാഹിയെ 'മൗലാനാ ഇലാഹി' എന്നും അമീൻ അഹ്മദ് ഇലാഹിയെന്നും ജമാഅത്തെ ഇസ്‌ലാമിയെ 'ജംഇയ്യത്തെ ഇസ്‌ലാമി' എന്നും ആണ് എഴുതിയിട്ടുള്ളത്. ലേഖകന്റെ സൂക്ഷ്മതയില്ലായ്മക്ക് ഇതുതന്നെ ഒരു നല്ല ഉദാഹരണമാണല്ലോ.

ഈ റിപ്പോർട്ടുകൾ ജമാഅത്തു വൃത്തങ്ങളിൽ രോഷത്തേക്കാളേറെ ദുഃഖമാണുണ്ടാക്കിയത്. കാരണം സ്വന്തം ആദർശലക്ഷ്യങ്ങളും നിലപാടുകളും വികൃതമായി ചിത്രീകരിക്കപ്പെട്ട അനുഭവമെന്നതിലുപരി, അന്ധമായ ദേശീയവികാരം നമ്മുടെ പത്രങ്ങളെയു ദേശീയ ഏജൻസികളെയും സത്യത്തിൽനിന്ന് എത്രമാത്രം അകറ്റുന്നുവെന്നതിന്റെ തിക്തമായൊരു ഉദാഹരണമായിട്ടാണ് അവരതിനെ കണ്ടത്.

'അസോസിയേറ്റഡ് പ്രസ് ഓഫ് ഇന്ത്യ' സ്വന്തമായ ചില മിനുക്കു പണികൾ നടത്തി 'സർച്ച്‌ലൈറ്റ്' റിപ്പോർട്ട് ഭാരതത്തിലെ ഇതര പത്രങ്ങൾക്കു വിതരണം ചെയ്തു. അങ്ങനെ വ്യാജ വാർത്ത നാടെങ്ങും പരന്നു. ഈ ഘട്ടത്തിൽ ജമാഅത്ത്, മൗലാനാ ഇസ്‌ലാഹിയുടെ പ്രസംഗത്തിന്റെ സത്യസന്ധമായ സംഗ്രഹത്തോടൊപ്പം ഒരു നിഷേധക്കുറിപ്പ് 'സർച്ച്‌ലൈറ്റ്', 'ലീഡർ', 'സ്റ്റേറ്റ്സ്മാൻ', 'അൽ-ഹിലാൽ', 'സദായേ ആം പാറ്റ്ന', 'ഖൗമി ആവാസ്', 'ഗരീബ് കി ദുനിയാ' തുടങ്ങിയ പത്രങ്ങൾക്ക് അയച്ചുകൊടുത്തു. 'സർച്ച്‌ലൈറ്റ്' പരിമിതമായ വാക്കുകളിൽ നിഷേധം മാത്രം പ്രസിദ്ധീകരിച്ചു. 'അൽ-ഹിലാലി'ൽ നിഷേധവും പ്രസംഗസംഗ്രഹവും വെളിച്ചം കണ്ടു. 'ഗരീബ് കി ദുനിയാ' നിഷേധവും പ്രസംഗസംഗ്രവും പ്രസിദ്ധീകരിച്ചതോടൊപ്പം തെറ്റായ വാർത്ത പ്രസിദ്ധീകരിച്ചതിൽ ക്ഷമാപണം നടത്തുകയും ചെയ്തു. മറ്റു പത്രങ്ങളിൽ നിന്നൊന്നും യാതൊരു പ്രതികരണവുമുണ്ടായില്ല.

അതിനു ശേഷവും മുസ്‌ലിംലീഗ് പത്രങ്ങൾ ഈ വ്യാജവാർത്തയെ ആസ്പദിച്ച് ജമാഅത്തിന്റെ നേരെ വമ്പിച്ച ആരോപണങ്ങളും വിമർശനങ്ങളും ഉന്നയിച്ചുകൊണ്ടിരുന്നു. ലാഹോറിൽനിന്നു പുറപ്പെട്ടിരുന്ന പ്രമുഖ ലീഗനുകൂല പത്രമായ 'നവായെ വഖ്ത്' ഇവ്വിഷയകമായി ഏപ്രിൽ 30-ന് സുദീർഘമായ ഒരു മുഖപ്രസംഗം എഴുതി.

അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ പാറ്റ്ന പ്രസംഗത്തിൽ നവഖാലി, പഞ്ചാബ്, ബീഹാർ തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ കലാപങ്ങൾക്കു കാരണക്കാർ മുസ്‌ലിംലീഗാണെന്ന് പ്രസ്താവിച്ചതായി പ്രസ്തുത മുഖപ്രസംഗം ആരോപിച്ചു. ജമാഅത്തെ ഇസ്‌ലാമി കോൺഗ്രസിനെ പിന്താങ്ങുകയും ലീഗിനെ എതിർക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ്. മുസ്‌ലിം നേതാക്കളെയൊന്നും ക്ഷണിക്കാതെ പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജിയെ പ്രത്യേകം ക്ഷണിച്ചു പങ്കെടുപ്പിച്ചത് അതിന്നു തെളിവാകുന്നു. കലാപങ്ങളുടെ ഉത്തരവാദിത്തം മുഴുവൻ മുസ്‌ലിംകളുടെ തലയിൽ വെച്ചുകെട്ടിയതിലും അത് കോൺഗ്രസ് നേതാവായ ഗാന്ധിയെ മുന്നിലിരുത്തി പ്രഖ്യാപിച്ചതിലും 'നവായെ വഖ്ത്' അമർഷംകൊണ്ടു.

മൗലാനാ മൗദൂദി ഇന്ത്യൻ മുസ്‌ലിംകളെ യഥാർഥ മുസ്‌ലിംകളായി പരിഗണിക്കുന്നില്ല എന്നായിരുന്നു പത്രാധിപർ ഉന്നയിച്ച മറ്റൊരു ആരോപണം.

ഈ മുഖപ്രസംഗത്തിനു മറുപടിയായി അന്നത്തെ ജമാഅത്ത് സെക്രട്ടറി തുഫൈൽ മുഹമ്മദ് സാഹിബ് പത്രാധിപർക്ക് ഒരു കത്തെഴുതി. ആരോപണങ്ങൾ സംബന്ധിച്ച് ജമാഅത്തിന്റെ നിലപാടുകളും പാറ്റ്ന സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്ത സാഹചര്യവും അതിൽ വിശദീകരിച്ചിരുന്നു. ഈ കത്തിനോടൊപ്പം മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ പ്രസംഗത്തിന്റെ സംഗ്രഹവും പത്രാധിപർക്ക് അയച്ചുകൊടുത്തു. ഇസ്‌ലാഹി സാഹിബിന്റെ പ്രസംഗവും, അതു സംബന്ധിച്ചും ജമാഅത്തിന്റെ നിലപാടുകൾ സംബന്ധിച്ചുമുള്ള അഭിപ്രായങ്ങൾ പത്രത്തിലൂടെ പ്രകാശിപ്പിക്കണമെന്നും മുഖപ്രസംഗത്തിൽ വന്ന അബദ്ധങ്ങൾ തിരുത്തണമെന്നും കത്തിൽ അഭ്യർഥിച്ചിരുന്നു.

പ്രസംഗസംഗ്രഹം 'നവായെ വഖ്ത്' പ്രസിദ്ധീകരിക്കുകയുണ്ടായില്ല. 1947 മേയ് 7-ാം തിയതി സെക്രട്ടറിയുടെ കത്ത് പ്രസിദ്ധീകരിച്ചു. പത്രം ആദ്യം മുതൽ അവസാനം വരെ പരസ്യസഹിതം വായിക്കുന്നവരുടെ മാത്രം ദൃഷ്ടിയിൽപെടുന്ന വിധത്തിലാണത് കൊടുത്തിരുന്നത്. പ്രസംഗവും അതു സംബന്ധിച്ച അഭിപ്രായവും പ്രസിദ്ധീകരിക്കണമെന്നഭ്യർഥിക്കുന്ന വരികൾ പത്രാധിപർ വെട്ടിക്കളഞ്ഞിട്ടുണ്ടായിരുന്നു. മുഖപ്രസംഗത്തിലെ അബദ്ധങ്ങൾ തിരുത്തണമെന്ന അപേക്ഷക്കുള്ള പ്രതികരണമൊന്നുമുണ്ടായില്ല.

(റൂദാദെ ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന്)